പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1960 07.12.2015-ൽ മറുപടിയ്ക്ക്

കേരള കൺസ്ട്രക്ഷൻ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, റഗുലേറ്ററി അതോറിറ്റി എന്നിവയുടെ പ്രവർത്തനം.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എളമരം കരീം | | ശ്രീ.ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) | |
| (എ) | 2012-13 ലെ സംസ്ഥാന ബഡ്ജറ്റിൽ സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ കീഴിൽ തൊഴിൽ ബാങ്ക്, നിർമ്മിതി ബോർഡിന്റേയും ഹൗസിംഗ് ബോർഡിന്റേയും സംയുക്താഭിമുഖ്യത്തിൽ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന കേരള കൺസ്ട്രക്ഷൻ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, റിയൽ എസ്റ്റേറ്റ് രംഗത്ത് രൂപീകരിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന റഗുലേറ്ററി അതോറിറ്റി ഇവ ഓരോന്നും പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; | (എ) | 2012-13 ലെ സംസ്ഥാന ബഡ്ജറ്റിൽ സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ കീഴിൽ തൊഴിൽ ബാങ്ക്, രൂപീകരിക്കാൻ നിർദ്ദേശം ഉണ്ടായിരുന്നെങ്കിലും, ടി പദ്ധതിയിൽ തുടർ നടപടികളൊന്നും ഉണ്ടായിട്ടില്ല.<br>നിർമ്മിതി ബോർഡിന്റേയും ഹൗസിംഗ് ബോർഡിന്റേയും സംയുക്താഭിമുഖ്യത്തിൽ രൂപീകരിക്കാൻ നിർദ്ദേശം ഉണ്ടായിരുന്നെങ്കിലും, കേരള കൺസ്ട്രക്ഷൻ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് പദ്ധതിയുടെ പ്രായോഗികതാ പഠനം നടത്താൻ സർക്കാർ നിർദ്ദേശിച്ചതനുസരിച്ച് ബോർഡ് പഠനം നടത്തുകയും പദ്ധതി ബോർഡിന് സാമ്പത്തികമായി നടപ്പിലാക്കാൻ സാധിക്കാത്തതിനാൽ നിലവിലുള്ള കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ഈ പദ്ധതി നടപ്പിലാക്കേണ്ടതില്ലായെന്ന് 19/8/15 ൽ ഇനം നം.1 ആയി കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് യോഗം തീരുമാനിച്ചിട്ടുമുണ്ട്.<br>റിയൽ എസ്റ്റേറ്റ് രംഗത്ത് രൂപീകരിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന റഗുലേറ്ററി അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | 2012-13 ൽ ഇവയ്ക്കോരോന്നിനും വേണ്ടി എത്ര തുക വകയിരുത്തിയിരുന്നു ; എത്ര തുക അനുവദിച്ചു; എത്ര തുക പിൻവലിക്കാതെ ട്രഷറിയിൽ അവശേഷിക്കുന്നുണ്ട്; വ്യക്തമാക്കാമോ ; | (ബി) | 2012-13-ൽ തുക ഒന്നും വകയിരുത്തിയിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | നിർമ്മിതി കേന്ദ്രത്തിന് കീഴിലുള്ള തൊഴിൽ ബാങ്കിൽ നിലവിൽ എത്ര അംഗങ്ങളാണുള്ളത് ; ഏതൊക്കെ മേഖലയിലേയ്ക്ക് തൊഴിലാളികളെ നൽകാൻ ബാങ്കിന് കഴിഞ്ഞിട്ടുണ്ട് ; വ്യക്തമാക്കാമോ ; | (സി) & (ഡി) | നിർമ്മിതി കേന്ദ്രത്തിന് കീഴിൽ തൊഴിൽ ബാങ്ക്, കൺസ്ട്രക്ഷൻ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവ. രൂപീകരിച്ചിട്ടില്ല. |
| (ഡി) | കൺസ്ട്രക്ഷൻ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് മുഖേന ഇതുവരെ എത്ര തൊഴിലാളികൾക്ക് പരിശീലനം നൽകിയിട്ടുണ്ട് ; വ്യക്തമാക്കാമോ ; | | |
| (ഇ) | റിയൽ എസ്റ്റേറ്റ് രംഗത്തെ റെഗുലേറ്ററി അതോറിറ്റിയുടെ ഇതുവരെയുള്ള പ്രവർത്തനം വിശദമാക്കാമോ ? | (ഇ) | റിയൽ എസ്റ്റേറ്റ് (റെഗുലേഷൻ & ഡവലപ്മെന്റ്) ഓർഡിനൻസ് 2015 പ്രകാരമുള്ള ബില്ല് നിയമസഭയിൽ അവതരിപ്പിക്കാനുള്ള നടപടികൾ തദ്ദേശ സ്വയം ഭരണ വകുപ്പിൽ നിന്നും സ്വീകരിച്ചുവരുന്നു. ഇത് സംബന്ധിച്ച കരട് ചട്ടങ്ങളും തയ്യാറാക്കിയിട്ടുണ്ട്. വെബ്സൈറ്റ് തുടങ്ങാനുള്ള നടപടിയും സ്റ്റാഫിന്റെ നിയമനം, ആവശ്യമായ ഫണ്ട് അനുവദിക്കൽ എന്നിവയ്ക്കുള്ള നടപടിയും സ്വീകരിച്ചുവരുന്നു. സ്വരാജ് ഭവനിൽ പ്രസ്തുത ഓഫീസ് പ്രവർത്തനമാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**